## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . 3473 16.12.2015 ൽ മറുപടിക്ക്.

### സാമൂഹ്യനീതി വകുപ്പിലെ പുതിയ തസ്തികകളിലെ നിയമനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. ചന്ദ്രൻ : | | ഡോ. എം. കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹ്യനീതി വകുപ്പിൽ പുതുതായി അനുവദിച്ചിട്ടുള്ള 35 സൂപ്പർവൈസർ, 73 ജൂനിയർ സൂപ്രണ്ട്, 22 എൽ. ഡി ക്ലാർക്ക് എന്നീ തസ്തികകളിലേയ്ക്ക് നിയമനം നടത്തിയിട്ടുണ്ടോ ; | (എ) | ഇല്ല. |
| (ബി) | പ്രസ്തുത തസ്തികകളിൽ നിയമനം നടത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വ്യക്തമാക്കാമോ ; | (ബി) & (സി) യും | 73 ജൂനിയർ സൂപ്രണ്ട് 22 ലോവർ ഡിവിഷൻ ക്ലാർക്ക് എന്നീ തസ്തികകൾ അനുവദിച്ച ഉത്തരവിൽ, കേരള സോഷ്യൽ വെൽഫെയർ സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടത്തിലെ കാറ്റഗറി 5, (ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II) കാറ്റഗറി 12 (ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് III/ചൈൽഡ് വെൽഫയർ ഇൻസ്പെക്ടർ) എന്നീ തസ്തികകളുടെ ഫീഡർ കാറ്റഗറിയിൽ നിന്നും മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെ ഒഴിവാക്കി വിശേഷാൽ ചട്ടം ഭേദഗതി വരുത്തിയതിനു ശേഷം മാത്രമേ, 73 ജൂനിയർ സൂപ്രണ്ട് തസ്തികകളിലും, 22 ക്ലാർക്ക് തസ്തികകളിലും നിയമനം നടത്താവൂ എന്ന നിബന്ധന ഉണ്ട്. നിയമനങ്ങൾ വേഗത്തിലാക്കാൻ വേണ്ടിയുള്ള നടപടികൾ ഉടൻ സ്വീകരിക്കുന്നതാണ്. 35 സൂപ്പർ വൈസർ തസ്തികകളിൽ നിയമനം നടത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് ഉടൻതന്നെ നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ.